


# ഭാഷാപഠനത്തിന് ഇഫ്ളു

## വിദേശ ഭാഷാപഠനം ആഗ്രഹിക്കുന്നവർക്കുള്ള മികച്ച കേന്ദ്രമാണ് ഇഫ്ളു



നബീൽ കൊടിയത്തൂർ

ചീഫ് കരിയർ കോച്ച്
ടീം ഇൻകുബേഷൻ.

ഉന്നത പഠനത്തിന് രാജ്യത്തുള്ള പ്രമുഖ കലാലയങ്ങളെ പരിചയപ്പെടുത്തുന്ന പംക്തി

വിദേശ ഭാഷാപഠനം വലിയ അവസരങ്ങളും തൊഴിൽസാധ്യതകളും തുറന്നിടുന്ന ഒരു പഠനമേഖലയാണ്. ഒന്നിലധികം ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്ന ആളുകൾക്ക് വളരെ പെട്ടെന്നുതന്നെ അവരുടെ കരിയറിൽ ശോഭിക്കാൻ കഴിയും. ഇന്ത്യയിൽ ഇംഗ്ലീഷിനും വിദേശ ഭാഷാപഠനത്തിനും അവസരം നൽകുന്ന കേന്ദ്ര സർവകലാശാലയാണ് ഇഫ്ളു എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂനിവേഴ്സിറ്റി. ഹൈദരാബാദിലെ സീതാഫൽമണ്ഡി എന്ന പ്രദേശത്താണ് പ്രധാന കാമ്പസ് സ്ഥിതിചെയ്യുന്നത്. കൂടാതെ ലഖ്നോ, ഷില്ലോങ് എന്നിവിടങ്ങളിലും ഉപകേന്ദ്രങ്ങളുണ്ട്.

### കഫറ്റീരിയ സംവിധാനം

മറ്റു സർവകലാശാലകളിൽനിന്ന് ഇഫ്ളുവിനെ വ്യത്യസ്തമാക്കുന്ന പ്രധാനഘടകം അവിടത്തെ കഫറ്റീരിയ സംവിധാനമാണ്. എം.എ ഇംഗ്ലീഷ് പഠിക്കുന്ന വിദ്യാർഥികൾക്ക് ഓരോ സെമസ്റ്ററിലും അവർ പഠിക്കാനാഗ്രഹിക്കുന്ന ഇലക്ടീവുകൾ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാം. ചുരുങ്ങിയത് നാലു വിഷയങ്ങൾ ഒരു സെമസ്റ്ററിൽ ഇങ്ങനെ പഠിക്കാം.

### കോഴ്സുകൾ

ബിരുദ തലത്തിൽ ഇംഗ്ലീഷ്, അറബിക്, ഫ്രഞ്ച്, ജർമൻ, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ് എന്നി വിഷയങ്ങളിൽ ബി.എ ഓണേഴ്സ് കോഴ്സും ജേണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ എന്ന വിഷയത്തിൽ ബി.എ പ്രോഗ്രാമുമാണ് ഇഫ്ളു നൽകുന്നത്. ബി.എ ഇംഗ്ലീഷിന് ഹൈദരാബാദ്, ലഖ്നോ കാമ്പസുകളിൽ 40 വീതം സീറ്റുകളും ഷില്ലോങ് കാമ്പസിൽ 20 സീറ്റുമാണുള്ളത്.

വിദേശഭാഷാ കോഴ്സുകൾക്ക് 20 വീതം സീറ്റുകളുണ്ട്. പ്ലസ് ടു/തത്തുല്യ യോഗ്യതയുള്ള വിദ്യാർഥികൾക്ക് ബിരുദ കോഴ്സുകൾക്ക് അപേക്ഷിക്കാം.

ബിരുദാനന്തര ബിരുദ തലത്തിൽ എം.എ ഇംഗ്ലീഷ്, ഇംഗ്ലീഷ് ലിറ്ററേച്ചർ, ലിറ്ററേച്ചർ ഇൻ ഇംഗ്ലീഷ്, കംപാരറ്റിവ് ലിറ്ററേച്ചർ, ലിംഗ്വിസ്റ്റിക്സ്, ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്, ജേണലിസം ആൻഡ് മാസ് കമ്യൂണിക്കേഷൻ, ഹിന്ദി, അറബിക്, ഫ്രഞ്ച്, ജർമൻ, ഹിസ്പാനിക്, റഷ്യൻ എന്നീ വിഷയങ്ങൾ പഠിക്കാം. മിക്ക വിദേശഭാഷാ പഠന കോഴ്സുകളും ഇഫ്ളു ഹൈദരാബാദ് കാമ്പസിൽ മാത്രമേ നൽകുന്നുള്ളൂ. രണ്ടു വർഷമാണ് പഠന കാലാവധി.

### പിഎച്ച്.ഡി കോഴ്സുകൾ

ലിംഗ്വിസ്റ്റിക് ആൻഡ് ഫൊണിറ്റിക്സ്, ഇംഗ്ലീഷ് ലാംഗ്വേജ് എജുക്കേഷൻ, ഹിന്ദി, ഇന്ത്യൻ ആൻഡ് വേൾഡ് ലിറ്ററേച്ചർ, ഇംഗ്ലീഷ് ലിറ്ററേച്ചർ കൾച്ചറൽ സ്റ്റഡീസ്, ഫിലിം സ്റ്റഡീസ്, കംപാരറ്റിവ് ലിറ്ററേച്ചർ, ട്രാൻസ്ലേഷൻ സ്റ്റഡീസ്, ഈസ്തറ്റിക്സ് ആൻഡ് ഫിലോസഫി, അറബിക്, ഫ്രഞ്ച്, റഷ്യൻ, ജർമൻ, സ്പാനിഷ് എന്നീ വിഷയങ്ങളിൽ ഗവേഷണ പഠനത്തിനുള്ള അവസരം നൽകുന്നുണ്ട്.

ബിഎഡ് ഇംഗ്ലീഷ്, ഹ്രസ്വകാല കോഴ്സുകളായി പി.ജി ഡിപ്ലോമ ഇൻ ടീച്ചിങ് ഓഫ് ഇംഗ്ലീഷ്, പി.ജി ഡിപ്ലോമ ഇൻ ടീച്ചിങ് ഓഫ് അറബിക്, പി.ജി ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ എന്നിവയും ഇഫ്ളു നൽകുന്നുണ്ട്.

### പരീക്ഷ രീതി

ഒബ്ജക്ടിവ് മാതൃകയിലുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശനപരീക്ഷയാണ് ഇഫ്ളു നടത്തുന്നത്. ഡിഗ്രി, പി.ജി വിഷയങ്ങൾക്ക് 100 മാർക്കിന്റെ ചോദ്യങ്ങളും പിഎച്ച്.ഡി പ്രോഗ്രാമുകൾക്ക് 70 മാർക്കിന്റെ ചോദ്യങ്ങളും ഉണ്ടാവും. പ്രവേശനത്തിന് 30 മാർക്കിന്റെ ഇന്റർവ്യൂ ഉണ്ടായിരിക്കും. ഡിസംബർ മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും മാർച്ച്, ഏപ്രിൽ മാസങ്ങളിലായി പ്രവേശനപരീക്ഷ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇഫ്ളു രീതി. ഓൺലൈനായി സർവകലാശാല വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കണം.

വെബ്സൈറ്റ്
www.efluniversity.ac.in